# അങ്കണവാടി തീം സോങ്

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |

കുട്ടുറുമ്പോ പുട്ടുകളളം

തൊട്ടുന്നുള്ളേണ്ട....

ചെമ്പകത്തുമ്പി നിന്നെ കാണാൻ

എന്തൊരു ചന്തം

അങ്കണവാടിയിൽ എന്റെ

കൂടെ പോരുമോ തുമ്പി

കട്ടുറുമ്പുണ്ടേ കൂടെ പിന്നെ

കൂടെ കൂടാൻ കുഴിയാന

ചുറ്റിക്കറങ്ങി രസിക്കാൻ

അമ്മേ ഞാനും കൂടെ പൊയ്ക്കോട്ടെ

തത്തമ്മയുണ്ടേ തക്കിടിമുണ്ടൻ

താറാവുമുണ്ടേ..

കൊക്കരകൊക്കോ പൂവാലനുണ്ടേ

കാക്കക്കറുമ്പൻ ക ഖ ഗ ഘ ങ

അങ്കണവാടി എന്റെ അമ്പിളി വീട്

പൈങ്കിളികൾ കൊഞ്ചി വരും പുഞ്ചിരി വീട്

ചെമ്പക തുമ്പി നിന്നെ

കാണാൻ എന്തൊരു ചന്തം

അങ്കണവാടിയിൽ എന്റെ

കൂടെ പോരുമോ തുമ്പി....

കാച്ചിയ പാലും കളി ചിരിയും

അമ്മ ടീച്ചറു വന്നേ

ആലിപ്പഴവും പീലിക്കുടയും

അങ്കണവാടി ചന്തം

ആടിക്കളിക്കാം ആകാശത്തേരേറാം ആറാടാം

മേഘം മീതെ റാഗിപ്പാറാം അപ്പൂപ്പൻ താടി

മാനം മീതെ പാറി നടക്കാൻ

അമ്മേ ഞാനും പോകുന്നേ

തക്കിനധിം തക്കിനധിം

തക്കിനധിം ധ.

അങ്കണവാടി എന്റെ അമ്പിളി വീട്

പൈങ്കിളികൾ കൊഞ്ചി വരും പുഞ്ചിരി വീട്

അങ്കണവാടി കാലം വന്നേ...

പൂക്കാലം വന്നേ.....ഹോയ്

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |

തക്കിനധിം തക്കിനധിം

തക്കിനധിം ധ.